നിയമ പഠനക്ലാസ്സുകളും 30 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും നിയമപഠനക്ലാസ്സുകളും നടത്തിവരുന്നു.

(ബി) എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ബൗദ്ധികവും കായികവുമായ ശേഷി പരിപോഷിപ്പിച്ച് അബ്കാരിയും അനുബന്ധ നിയമങ്ങളിലും പരിജ്ഞാനം നൽകി അവരെ അച്ചടക്കവും കാര്യശേഷിയും സാമൂഹിക പ്രതിബദ്ധതയുമുള്ള ഉത്തമവ്യക്തിത്വമുള്ള ഉദ്യോഗസ്ഥരായി മാറ്റി എടുക്കലാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം.

(സി) അക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അക്കാഡമിയുടെ സ്ഥലത്തിനുസമീപമുള്ള അഞ്ചേക്കർ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

ബീവറേജസ് കോർപ്പറേഷനിലെ വിവിധ തസ്തികകളിലെ നിയമനം

101 (2920) <u>ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ബീവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ, പ്യൂൺ തസ്തികകളിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയുമോ ;

(സി) സ്ത്രീകൾക്ക് നിയമനത്തിനായി ഒഴിവുകൾ പ്രത്യേകം നീക്കിവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) നിയമന ഉത്തരവ് നൽകിയിട്ടും ജോലിക്ക് ഹാജരാകാത്ത ഒഴിവുകൾ അടക്കം നിലവിൽ ഹെൽപ്പർ, പ്യൂൺ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഈ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) ഇല്ലെങ്കിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹെൽപ്പർ/പ്യൺ തസ്തികയിൽ നിയമനത്തിനായി 28-12-2013-ൽ പ്രസിദ്ധികരിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. അതിൻപ്രകാരമുള്ള നിയമനങ്ങൾ നടന്നുവരികയാണ്.

(ബി) ഈ ലിസ്റ്റ് പ്രകാരം നാളിതുവരെ 214 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) സ്ത്രീകൾക്കായി ഓഫീസ് വേക്കൻസി എന്ന നിലയിൽ 40 ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്. ഇതിലേക്കുള്ള നിയമനങ്ങളും നടന്നുവരികയാണ്. വനിതകളെ മദ്യവിൽപ്പന ഷോപ്പുകളിലെ വേക്കൻസിയിൽ നിയമിക്കാൻ അബ്കാരി ചട്ടം അനുവദിക്കുന്നില്ല.

(ഡി&ഇ) നിയമന ഉത്തരവ് നൽകിയിട്ടും ജോലിക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ 62 എൻ.ജെ.ഡി. ഒഴിവുകളും, സർവ്വീസിൽ നിന്നും രാജിവച്ച 12 ഒഴിവുകളും ഉൾപ്പെടെ (62+12) 74 ഒഴിവുകൾ 16-4-2015-ൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതിൻപ്രകാരം നിയമനങ്ങൾ നടന്നുവരികയുമാണ്.

വ്യാജമദ്യ കേസ്സുകൾ

102 (2921) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ബാർ നിരോധനത്തിനുശേഷം എത്ര വ്യാജമദ്യ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ ?

ഉത്തരം

കേരളത്തിൽ ബാർ നിരോധനത്തിനുശേഷം 512 വ്യാജമദ്യ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	കേസ്സുകളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	18
കൊല്ലം	19
പത്തനംതിട്ട	18
ആലപ്പുഴ	25